# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 04.07.2026** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും. രാജ്യത്തിന്റെ വ്യോമയാന, ഊർജ, സെമികണ്ടക്ടർ മേഖലകൾക്ക് കരുത്തുപകരുന്ന വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Rajasthan and Gujarat today. He will launch development projects that will strengthen the country's aviation, energy and semiconductor sectors.**

2. ഒരു ട്രില്യൺ യുഎസ് ഡോളർ കയറ്റുമതി ലക്ഷ്യം കൈവരിക്കാനുള്ള പാതയിലാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal says India is on track to achieve the US$1 trillion export target.**

3. സാങ്കേതിക, നിക്ഷേപ, വ്യാപാര വിഷയങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള സുപ്രധാന വേദിയായി ഇന്ത്യ-ഫ്രാൻസ് സാമ്പത്തിക ചർച്ച പ്രയോജനപ്പെടുത്തുമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Finance Minister Nirmala Sitharaman says the India-France Economic Dialogue will be used as an important platform to address technology, investment and trade issues.**

4. ഊർജ്ജ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിന് രാജ്യം കൂടുതൽ സാധ്യതകൾ വികസിപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി.

   **Union Minister Hardeep Singh Puri says the country will build additional capabilities to strengthen energy resilience.**

5. **കേരളത്തിൽ ശക്തമായ മഴ തുടരും. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**Heavy rains will continue in Kerala. Yellow alert in 11 districts today.**

6. **ഫിഫ ലോകകപ്പ് ഫുട്ബോളിൽ അർജന്റീനയും ഈജിപ്റ്റും പ്രീക്വാർട്ടറിൽ.**

**Argentina and Egypt in the pre-quarters of the FIFA World Cup football.**

&&&&&&&&&&&&&&&&&&&&

## PM - RAJASTHAN GUJARAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും. രാജ്യത്തിന്റെ വ്യോമയാന, ഊർജ, സെമികണ്ടക്ടർ മേഖലകൾക്ക് കരുത്തുപകരുന്ന വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം ഇരു സംസ്ഥാനങ്ങളിലുമായി തുടക്കം കുറിക്കും. രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിലെ പുതിയ ടെർമിനൽ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി പ്രാദേശിക വ്യോമയാന വികസനം ലക്ഷ്യമിട്ടുള്ള പരിഷ്കരിച്ച 'ഉഡാൻ' പദ്ധതിയും അവതരിപ്പിക്കും. ജയ്പൂർ മെട്രോ രണ്ടാം ഘട്ടത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. വൈകുന്നേരം ഗുജറാത്തിലെത്തുന്ന ശ്രീ മോദി, സാനന്ദിലെ സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&

## PM-INDONESIA AUSTRALIA NEW ZEALAND VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി തിങ്കളാഴ്ച മുതൽ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിൽ ആറ് ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തും. ഈ മാസം 6 മുതൽ 8 വരെ ഇന്തോനേഷ്യ സന്ദർശിക്കുന്ന അദ്ദേഹം സമുദ്ര സുരക്ഷാ സഹകരണം ചർച്ച ചെയ്യും. തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലുള്ള വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തും.

&&&&&&&&&&&&&&&&&&&&

## SITHARAMAN-FRANCE

എക്സ്-ഒണ്-പ്രൊവൻസിൽ ഇന്നലെ നടന്ന ഇന്ത്യ-ഫ്രാൻസ് സാമ്പത്തിക ചർച്ചയിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും ഫ്രഞ്ച് ധനമന്ത്രി റോളണ്ട് ലേച്യൂറും സഹ-അധ്യക്ഷത വഹിച്ചു. സാമ്പത്തിക വികസനം മുൻനിർത്തിയുള്ള ഫ്രഞ്ച് വികസന ഏജൻസിയുടെ ഇന്ത്യയിലെ പ്രവർത്തനത്തിന്റെ മൂല്യം ഇരുവരും അംഗീകരിക്കുകയും ഭാവി പദ്ധതികൾക്കുള്ള സാധ്യത കളെ സ്വാഗതം ചെയ്യുകയും ചെയ്തു. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സാമ്പത്തിക, സാങ്കേതിക, നിക്ഷേപ, വ്യാപാര വിഷയങ്ങൾ അഭിസം ബോധന ചെയ്യുന്നതിനുള്ള പ്രധാന വേദിയായി ഈ സാമ്പത്തിക ചർച്ച പ്രയോജനപ്പെടുത്തുമെന്ന് ഇരുകൂട്ടരും പ്രതിജ്ഞയെടുത്തു.

&&&&&&&&&&&&&&&&&&&&

## GOYAL-TRADE MEETING (INTRO)

ഒരു ട്രില്യൺ യുഎസ് ഡോളർ കയറ്റുമതി ലക്ഷ്യം കൈവരിക്കാനുള്ള പാതയിലാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദ ത്തിൽ വാർഷിക കയറ്റുമതിയുടെ ഏകദേശം 15 ശതമാനം ഇതിനകം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ബോർ ഡ് ഓഫ് ട്രേഡ് മീറ്റിംഗിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. (ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&&&

## SHAH-EL NINO MEETING

രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ എൽ നിനോ മൂലം മഴ കുറഞ്ഞതിന്റെ ആഘാതം സംബന്ധിച്ച സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമി ത് ഷായും കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാനും അവലോകനം ചെ യ്തു. കൃഷി മന്ത്രാലയവും ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളും ജാഗ്രത പാ

ലിക്കാനും സംസ്ഥാന സർക്കാരുകളുമായി ഏകോപിപ്പിച്ച് ഉചിതമായ വിളകളെക്കുറിച്ച് കർഷകരെ ബോധവത്കരിക്കാനും ശ്രീ ഷാ നിർദ്ദേശിച്ചു. രാജ്യത്തുടനീളമുള്ള ജലസംഭരണികള് നിരീക്ഷിക്കാന് നിര്ദേശം നല്കിയ ആഭ്യന്തര മന്ത്രി, കുറഞ്ഞ വെള്ളം ആവശ്യമുള്ള ഇതര വിളകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു.

&&&&&&&&&&&&&&&&&&&

## HARDEEP PURI-BLOG

ഊർജ്ജ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിന് രാജ്യം ഊർജ്ജമേഖലയിൽ കൂടുതൽ സാധ്യതകള് വികസിപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ഹോർമുസ് അടച്ചുപൂട്ടിയപ്പോഴും ഇന്ത്യ ഊർജ്ജ ക്ഷാമമില്ലാതെ മുന്നോട്ടു പോയതായി അദ്ദേഹം ഓർമ്മിപ്പിച്ചു. യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ, ഒരു കപ്പലും ഹോർമുസ് കടക്കാതിരുന്നപ്പോൾ, 12 ലധികം ഇന്ത്യൻ എൽപിജി കപ്പലുകൾ ടോൾ നൽകാതെ തന്നെ ഹോർമുസിൽ നിന്ന് പുറത്തേക്ക് മാറ്റിയതായും, ശ്രി ഹർദീപ് സിംഗ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## AYURVEDIC SCIENCES-MEETING

സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദ സയൻസസിൻറെ അഞ്ചാമത് നിർവാഹക സമിതി യോഗം ആയുഷ് മന്ത്രാലയ സെക്രട്ടറി വൈദ്യ രാജേഷ് കൊട്ടേച്ചയുടെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. തെളിവ് അടിസ്ഥാനമാക്കിയുള്ള ആയുർവേദ ഗവേഷണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുള്ള രാജ്യത്തിന്റെ സുപ്രധാന ചുവടുവയ്പ്പാണ് യോഗം അടയാളപ്പെടുത്തിയതെന്ന് മന്ത്രാലയം പറഞ്ഞു. ആയുർവേദ വിദ്യാഭ്യാസം, ഗവേഷണം, ശാസ്ത്രീയ ആശയവിനിമയം, ഡിജിറ്റൽ ഗവേർണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മൂന്ന് പ്രധാന സംരംഭങ്ങൾക്കും യോഗം തുടക്കം കുറിച്ചു.

&&&&&&&&&&&&&&&&&&&

## IRAN-KHAMENEI FUNERAL

ഇറാൻ മുൻ പരമോന്നത നേതാവ് അയത്തുള്ള സയ്യിദ് അലി ഖമനേയിയുടെ ടെഹ്റാനിൽ നടന്നസംസ്കാര ചടങ്ങിൽ ഇന്ത്യയെ പ്രതി നിധീകരിച്ച് ബിഹാർ ഗവർണർ ലെഫ്റ്റനന്റ് ജനറൽ സയ്യിദ് അതാ ഹസ്നൈനും ദേശകാര്യ സഹമന്ത്രി പവിത്ര മാർഗരിറ്റയും പങ്കെടുത്തു. ഇന്ത്യാ ഗവൺമെന്റിനും ജനങ്ങൾക്കും വേണ്ടി തങ്ങൾ ആദരാഞ്ജലി അർപ്പിച്ചതായി ശ്രീ. മാർഗരിറ്റ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## FIFA

ഫുട്ബോൾ പ്രേമികളെ ആവേശത്തിലാക്കിയ പോരാട്ടത്തിനൊടുവിൽ കാബോ വെർദെ-യെ രണ്ടിനെതിരെ 3 ഗോളിന് പരാജയപ്പെടുത്തി അർജന്റീന ഫിഫ ലോകകപ്പ് പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ഇന്ന് പുലര്ച്ചെ നടന്ന മത്സരം എക്സ്ട്രാ ടൈമിലേക്ക് നീണ്ടു. അരങ്ങേറ്റത്തിൽ തന്നെ കളിക്കളത്തിൽ വിസ്മയം തീർത്ത കാബോ വെർദെ ഇതോടെ ഈ ലോകകപ്പിൽ നിന്ന് കളമൊഴിയും. ഇന്നലെ രാത്രി നടന്ന മത്സരത്തില് ഓസ്ട്രേലിയയെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ 4 ഗോളിന് പരാജയപ്പെടുത്തി ഈജിപ്റ്റും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. പ്രീക്വാർട്ടറിനു മുന്നേയുള്ള അവസാന മത്സരത്തിൽ കൊളംബിയ- ഘാനയെ നേരിടുന്നു. ഇന്ന് രാത്രി 10.30 നു നടക്കുന്ന ആദ്യ പ്രീ ക്വാർട്ടർ മത്സരത്തിൽ കാനഡ - മൊറോക്കോയെ നേരിടും.

&&&&&&&&&&&&&&&&&&&

## T- 20 CRICKET

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് നടക്കും. രാത്രി ഏഴിന് മാഞ്ചസ്റ്ററിലാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&&&&

## RAIN - KERALAM (INTRO)

കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരും. പതിനൊന്നു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....**

(വോയ്സ്)

&&&&&&&&&&&&&&&&&&&

## SHIGELLA

കേരളത്തിൽ ആറ് പേർക്ക് കൂടി ഇന്നലെ ഷിഗല്ല സ്ഥിരീകരിച്ചു. 150 പേർക്ക് ഡെങ്കിപ്പനിയും, 15 പേർക്ക് എലിപ്പനിയും, 10 പേർക്ക് മലേറിയയും സ്ഥിരീകരിച്ചിട്ടുണ്ട്. 11,000 ൽ ഏറെപ്പേർ പനി ബാധിച്ച് വിവിധ ആശുപത്രികളിൽ ഇന്നലെ ചികിത്സ തേടി.

&&&&&&&&&&&&&&&&&&&

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും.

&&&&&&&&&&&&&&&&&&&

## UKRAINE-RUSSIA ATTACK

തെക്കുകിഴക്കൻ യുക്രെയ്നിലെ സപോറോഷെ മേഖലയിലെ ഒരു മാർക്കറ്റിൽ ഡ്രോൺ ആക്രമണത്തിൽ അഞ്ച് പേർ കൊല്ലപ്പെടുകയും 18 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. മരണസംഖ്യ ഉയർന്നേക്കുമെന്ന് അധികൃതർ അറിയിച്ചു. റഷ്യയും യുക്രെയ്നും അവകാശവാദമുന്നയിക്കുന്ന തർക്ക പ്രദേശമായ സപോറോഷെ മേഖല ,തുടർച്ചയായി സംഘർഷം നേരിടുകയാണ്.

&&&&&&&&&&&&&&&&&&&

## JAL SHAKTI-WATER AWARDS

ഏഴാമത് ദേശീയ ജല പുരസ്കാരത്തിനായുള്ള അപേക്ഷകൾ www.awards.gov.in എന്ന പോർട്ടൽ വഴി സമർപ്പിക്കാമെന്ന് ജൽ ശക്തി മന്ത്രാലയം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി ഈ പോർട്ടലോ jalshakti-dowr.gov.in ഓ സന്ദർശിക്കാവുന്നതാണ്. അടുത്ത മാസം 28- വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

## SONOWAL-SHIPPING CONTAINER

ആഗോള ഷിപ്പിംഗ് കമ്പനിയായ എ.പി. മൊല്ലർ -മേഴ്സ്ക് , ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ കയറ്റുമതി-ഇറക്കുമതി ഷിപ്പിംഗ് കണ്ടെയ്നർ , കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഉത്തർപ്രദേശിലെ ദാദ്രിയിൽ അനാച്ഛാദനം ചെയ്തു. മൂലധന സഹായം, ഗവേഷണം, പരീക്ഷണം, സാങ്കേതിക വികസനം എന്നിവയിലൂടെ വാർഷിക ഉൽപ്പാദന ശേഷി 10 മടങ്ങ് വർദ്ധിപ്പിക്കുക എന്നതാണ് കണ്ടെയ്നർ നിർമ്മാണ പ്രോത്സാഹന പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് ശ്രീ സോനോവാള് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## RATION CARD - ANOOP JACOB

കേരളത്തിൽ മുൻഗണനാ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകി ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. നിലവിലുള്ള 2017 ലെ ഉത്തരവിൽ കാലോചിതമായ ഭേദഗതി വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&